# പതിനാലാം കേരള നിയമസഭ
# (പത്താം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1170** **05.03.2018-ൽ മറുപടിയ്ക്ക്**

## മത്സ്യ ലഭ്യത

| ചോദ്യം<br>ശ്രീ.പാറക്കൽ അബ്ദുല്ല | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) സംസ്ഥാനത്ത് മത്സ്യ ലഭ്യതയിൽ വൻ ഇടിവ് വന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) കടലിലും ഉൾനാടൻജലാശയങ്ങളിലും നിന്നുമുള്ള മത്സ്യലഭ്യതയിൽ കഴിഞ്ഞ വർഷത്തേക്കാൾ 51,000 ടൺ കുറവുണ്ടായതായി കരുതുന്നുണ്ടോ; | ബി) 2015-16 വർഷത്തെ അപേക്ഷിച്ച് 2016-17 വർഷത്തിൽ '51041' (അമ്പത്തൊന്നായിരത്തി നാൽപത്തൊന്ന്) ടണ്ണിന്റെ കുറവ് സംഭവിച്ചിട്ടുണ്ട്. |
| സി) 2016-17 സാമ്പത്തിക വർഷം സംസ്ഥാനത്ത് നിന്നും ആകെ എത്ര ടൺ മത്സ്യമാണ് ലഭിച്ചത് എന്നറിയിക്കാമോ; | സി) 2016-17 സാമ്പത്തിക വർഷം ആകെ 676466 (ആറ് ലക്ഷത്തി എഴുപത്താറായിരത്തി നാന്നൂറ്റി അറുപത്തിആറ്) ടൺ മത്സ്യമാണ് ലഭിച്ചിട്ടുളളത്. |
| ഡി) 2017-18 സാമ്പത്തിക വർഷത്തിൽ ഡിസംബർ വരെ സംസ്ഥാനത്തു നിന്നും ആകെ ലഭിച്ച മത്സ്യം എത്ര; | ഡി) 2017-18 സാമ്പത്തിക വർഷത്തിൽ സെപ്റ്റംബർ മാസം വരെ ആകെ '293723' (രണ്ട് ലക്ഷത്തി തൊണ്ണൂറ്റിമൂന്നായിരത്തി എഴുന്നൂറ്റി ഇരുപത്തിമൂന്ന്) ടൺ മത്സ്യമാണ് ലഭിച്ചിട്ടുളളത്. മറ്റ് പാദങ്ങളിലെ കണക്കുകൾ ലഭ്യമാകുന്നതേയുള്ളു. |
| ഇ) ഉൾനാടൻ ജലാശയങ്ങളിൽ നിന്നുള്ള മത്സ്യലഭ്യതയിൽ കഴിഞ്ഞ വർഷം കാര്യമായ കുറവ് സംഭവിച്ചോ; എങ്കിൽ മത്സ്യലഭ്യതയിലെ ഗണ്യമായ കുറവിനുള്ള കാരണമെന്താണെന്നറിയിക്കാമോ; ഫിഷറീസ് വകുപ്പ് ഇതു സംബന്ധമായി എന്തെങ്കിലും പഠനം നടത്തുകയുണ്ടായോ? | ഇ) 2015-16 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2016-17 ൽ ഉൾനാടൻ മത്സ്യ ഉല്പാദനത്തിൽ 22632 (ഇരുപത്തിരണ്ടായിരത്തി അറുന്നൂറ്റിമുപ്പത്തി രണ്ട്) ടണ്ണിന്റെ കുറവ് സംഭവിച്ചിട്ടുണ്ട്. ദീർഘകാലമായി നടന്നുവരുന്ന ജലാശയങ്ങളുടെ മലിനീകരണം, ജലാശയങ്ങളുടെ ശോഷണം, അണക്കെട്ടുകളുടെ/തടയണകളുടെ/ബണ്ടുകളുടെ നിർമ്മാണം, കണ്ടൽക്കാട്ടു കളുടെ തിരോധാനം, വർദ്ധിച്ച തോതിലുളള മണൽ വാരൽ, അശാസ്ത്രീയ |

മത്സ്യബന്ധനം, ജലസസ്യങ്ങളുടെ വ്യാപനം, മത്സ്യ രോഗങ്ങൾ, വിദേശ മത്സ്യങ്ങളുടെ കടന്നുകയറ്റം, കാലാവസ്ഥാ വ്യതിയാനം, എന്നിവയൊക്കെ മത്സ്യ വിഭവ ശോഷണത്തിന് കാരണങ്ങളായിട്ടുണ്ട്. ഇതു സംബന്ധിച്ച് വിശദ പഠനം നടത്തിയിട്ടില്ല. മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിന് ആവശ്യമായ നിയമനിർമ്മാണം നടത്തിയിട്ടുണ്ട്. കെ.എം.എഫ്.ആർ ആക്റ്റ് സമഗ്രമായി ഭേദഗതി നടത്തി സമുദ്ര മത്സ്യ സമ്പത്ത് സംരക്ഷിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ആഫീസർ